# കാലിക്കറ്റ് സർവകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

**പത്രക്കുറിപ്പ്**

**അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള 5 വർഷ ഇന്റഗ്രേറ്റഡ് പി . ജി . പ്രോഗ്രാം പ്രവേശനം 2023**

കാലിക്കറ്റ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ഗവണ്മെന്റ് /എയ്ഡഡ് കോളേജുകളിൽ 2023-24 അധ്യയന വർഷത്തേക്കുള്ള 5 വർഷ ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 19.06.2023 വരെ തുടരുന്നു. ഇന്റഗ്രേറ്റഡ് എം.എസ്.സി. സൈക്കോളജി, ഇന്റഗ്രേറ്റഡ് എം.എ. പൊളിറ്റിക്സ് & ഇന്റർനാഷണൽ റിലേഷൻസ്, ഇന്റഗ്രേറ്റഡ് എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, ഇന്റഗ്രേറ്റഡ് എം.എസ്.സി. ബോട്ടണി വിത്ത് കംപ്യൂട്ടേഷണൽ ബയോളജി, ഇന്റഗ്രേറ്റഡ് എം.എ. ഇംഗ്ലീഷ് ആന്റ് മീഡിയ സ്റ്റഡീസ്, ഇന്റഗ്രേറ്റഡ് എം.എ. മലയാളം എന്നീ പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം. അടിസ്ഥാന യോഗ്യത- പ്ലസ് ടു. സർവകലാശാലക്ക് കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 8 ഗവണ്മെന്റ്/ എയ്ഡഡ് കോളേജുകളിലാണ് ഈ പ്രോഗ്രാമുകൾ നടത്തപ്പെടുന്നത്. എല്ലാ കോഴ്സുകൾക്കും 3 വർഷത്തിനുശേഷം എക്സിറ്റ് ഓപ്ഷൻ ലഭ്യമാണ്.

| ക്രമ നമ്പർ | കോളേജിന്റെ പേര് | പ്രോഗ്രാം |
|---|---|---|
| 1 | എം.ഇ.എസ്. കല്ലടി കോളേജ്, മണ്ണാർക്കാട്, പാലക്കാട് | ഇന്റഗ്രേറ്റഡ് എം.എസ്.സി. സൈക്കോളജി |
| 2 | പ്രൊവിഡൻസ് വിമൻസ് കോളേജ്, കോഴിക്കോട് | ഇന്റഗ്രേറ്റഡ് എം.എ. പൊളിറ്റിക്സ് & ഇന്റർ നാഷണൽ റിലേഷൻസ് |
| 3 | ഗവ. ആർട്സ് & സയൻസ് കോളേജ്, തവനൂർ, മലപ്പുറം | ഇന്റഗ്രേറ്റഡ് എം.എ. പൊളിറ്റിക്സ് & ഇന്റർ നാഷണൽ റിലേഷൻസ് |
| 4 | ശ്രീ നാരായണ കോളേജ്, നാട്ടിക, തൃശ്ശൂർ | ഇന്റഗ്രേറ്റഡ് എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് |
| 5 | സേക്രട്ട് ഹാർട്ട് കോളേജ്, ചാലക്കുടി, തൃശ്ശൂർ | ഇന്റഗ്രേറ്റഡ് എം.എസ്.സി. സൈക്കോളജി |
| 6 | എം.ഇ.എസ്. കെ.വി.യം കോളേജ്, വളാഞ്ചേരി, മലപ്പുറം | ഇന്റഗ്രേറ്റഡ് എം.എസ്.സി. ബോട്ടണി വിത്ത് കംപ്യൂട്ടേഷണൽ ബയോളജി |
| 7 | തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജ്, തിരൂർ | ഇന്റഗ്രേറ്റഡ് എം.എ. ഇംഗ്ലീഷ് & മീഡിയ സ്റ്റഡീസ് |
| 8 | സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഗവൺമെന്റ് ആർട്സ് & സയൻ കോളേജ്, താനൂർ | ഇന്റഗ്രേറ്റഡ് എം.എ. മലയാളം |

വിശദവിവരങ്ങൾക്ക് admission.uoc.ac.in എന്ന വെബ്ബ് സൈറ്റ് സന്ദർശിക്കുക.

ഫോൺ : 0494 2407016, 2407017, 2660600

(ഒപ്പ്)
ഡയറക്ടർ

C.U. Campus
07.06.2023

To

പബ്ലിക് റിലേഷൻസ് ഓഫീസർ (14 ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)